# Desabhimani
# 30 August 2018
# Kochi ;Govt Will Account for Money Spent



## വിനിയോഗിക്കുന്ന പണത്തിന് കണക്കുണ്ടാക്കുമെന്ന് സർക്കാർ

**കൊച്ചി**

പ്രളയദുരന്ത നിവാരണത്തിന് ലഭിക്കുന്ന പണം അക്കാര്യത്തിനുതന്നെ വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പാക്കണമെന്ന് ഹൈക്കോടതി. പണം നൽകുന്നവർ ഉദ്ദേശിക്കുന്ന കാര്യത്തിനുതന്നെ വിനിയോഗിക്കേണ്ടതുണ്ടെന്ന് ഡിവിഷൻബെഞ്ച് അഭിപ്രായപ്പെട്ടു.

പണം പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിക്കണമെന്നും ഫണ്ട്വിനിയോഗം നിരീക്ഷിക്കാൻ പ്രത്യേകസമിതിയെ നിയോഗിക്കണമെന്നും ആവശ്യപ്പെടുന്ന ഹർജിയാണ് ചീഫ് ജസ്റ്റിസ് ഋഷികേശ് റോയി, ജസ്റ്റിസ് ജയശങ്കരൻ നമ്പ്യാർ എന്നിവരടങ്ങുന്ന ഡിവിഷൻബെഞ്ച് പരിഗണിച്ചത്. ഹർജിയിൽ സർക്കാർ വെള്ളിയാഴ്യ്ക്കകം നിലപാട് അറിയിക്കണം. മാധ്യമസ്ഥാപനങ്ങളും മറ്റു സന്നദ്ധസംഘടനകളും സ്വരൂപിക്കുന്ന പണം പ്രളയക്കെടുതിനിവാരണത്തിനുതന്നെ വിനിയോഗിക്കുമെന്ന് ഉറപ്പാക്കാൻ എന്തു സംവിധാനമാണ് ഉള്ളതെന്നും കോടതി ചോദിച്ചു. സദുദ്ദേശ്യത്തോടെ ചെയ്യുന്ന കാര്യത്തിൽ സുതാര്യത ഉറപ്പാക്കേണ്ടതുണ്ടെന്നും കോടതി പറഞ്ഞു.

ഓഖിദുരന്തത്തിൽ അനുവദിച്ച തുക വകമാറ്റി ചെലവഴിച്ചുവെന്നും ഈ സാഹചര്യത്തിലാണ് പ്രത്യേകനിധി രൂപീകരിക്കണമെന്ന ആവശ്യം ഉന്നയിക്കുന്നതെന്നും ഹർജിക്കാരിയായ ഷിബി ചൂണ്ടിക്കാട്ടി. എന്നാൽ, ഓഖിഫണ്ട് വകമാറ്റിയിട്ടില്ലെന്നും പ്രളയക്കെടുതിക്ക് ഉൾപ്പെടെ ലഭിച്ച നിധിയിൽനിന്നും ഒരുപൈസപോലും വകമാറ്റില്ലെന്നും സർക്കാരിനുവേണ്ടി ഹാജരായ അഡ്വക്കേറ്റ് ജനറൽ സി പി സുധാകരപ്രസാദ് ബോധിപ്പിച്ചു. വിനിയോഗിക്കുന്ന പണത്തിന് കൃത്യമായി കണക്കുണ്ടെന്നും എ ജി വ്യക്തമാക്കി.